## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 303 10/06/2013-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പ്രത്യേക പാക്കേജ് -

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. ടി.എം. തോമസ് ഐസക് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത് എപ്പോഴായിരുന്നു; അവ എന്തെല്ലാമാണ്; അവയിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ; | എ | അട്ടപ്പാടിയിൽ നിന്നും ശിശുമരണം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് 25.04.2013 നും 22.05.2013 നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയുണ്ടായി. ടി തീരുമാനങ്ങൾ നടപ്പിലാക്കി വരികയാണ്.<br><br>യോഗതീരുമാനങ്ങളുടെ പകർപ്പും, നാളിതുവരെ നടപ്പിലാക്കിയ പരിപാടികളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു. |
| ബി | അട്ടപ്പാടിയിൽ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും എന്തു തുക ഇതിനകം അനുവദിക്കുകയുണ്ടായി എന്നും വ്യക്തമാക്കാമോ? | ബി | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ഭക്ഷ്യധാന്യ വിതരണത്തിനായി 47.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അടുത്ത 4 മാസം 10 കിലോ വീതം റാഗിയും, 2 കിലോ വീതം പയറോ, കടലയോ, തുവരയോ വീതം വിതരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് 153 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് 112 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**